"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള കല്ലറ വില്ലേജ് സർവ്വേ നമ്പർ 503/9-3 ൽ പ്പെട്ട 30 സെന്റ് സ്ഥലം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനായി നിലവിലുള്ള ബാധ്യതകൾ സഹിതം ആഭ്യന്തര വകുപ്പിന് വിട്ടു നൽകുന്നതിന് പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(കൈ) നം.98/2022/LSGD തീയതി,തിരുവനന്തപുരം, 03-05-2022

പരാമർശം:- 1. കല്ലറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 18/08/2021 തിയതിയിലെ 12 (1) നമ്പർ തീരുമാനം.

2. 07/09/2021 ലെ കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ NO. G2 70272/2019/Kനമ്പർ കത്ത്

3. പഞ്ചായത്ത് ഡയറക്ടറുടെ 06/10/2021 ലെ PAN/11315/2021-C9(DP) നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലയിലെ കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ഉൾപെട്ടിട്ടുള്ള ഭൂമി കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പോലീസ് വകുപ്പിന് വിട്ട് നൽകുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിരുന്നു. പ്രസ്തുത സ്ഥലം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് പരാമർശം (2) പ്രകാരം സാക്ഷ്യപെടുത്തിയിട്ടുണ്ട്.

കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്തിൽ 2018 ലെ മഹാപ്രളയത്തെ തുടർന്ന് കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിലെ 1ഉം 2 ഉം വാർഡുകളിലെ പാറയിൽ പട്ടികജാതി കോളനി, മാണിക്യ വിലാസം പട്ടികജാതി കോളനി തുടങ്ങിയ പട്ടികജാതി കോളനികളിലെ ജനങ്ങൾ അടക്കം ആളുകൾക്ക് പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലും, സ്കൂളുകളിലും തുടങ്ങിയ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടി വന്നതിനെ തുടർന്ന് 2019-20 വർഷം ബഹു.സർക്കാർ അനുവദിച്ച പ്രളയ ഫണ്ടിലെ വികസന ഫണ്ട് (പ്രളയ ദുരിതാശ്വാസം പൊതു വിഭാഗം) 2167000/- രൂപയും വികസന ഫണ്ട് (പ്രളയ ദുരിതാശ്വാസം - എസ്. സി.പി.) 1209000/രൂപയും അടക്കം 3376000/രൂപ അടങ്കലിൽ, ടി സർവ്വേ നമ്പർ 503/9-3 ൽ പ്പെട്ട സ്ഥലത്ത് 2 നിലകളിലായി 218.04 ച.മീ. വിസ്തീർണ്ണത്തിലുള്ള ഒരു ഷെൽറ്റർ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുകയും, പ്രളയദുരിതാശ്വാസം പൊതു വിഭാഗത്തിൽ നിന്നും 570423/- രൂപയും, പ്രളയ ദുരിതാശ്വാസം എസ്.സി.പി.യിൽ നിന്നും 647402/- രൂപയും അടക്കം നാളിതുവരെ 1217825/ - രൂപ ചെലവഴിച്ചിട്ടുണ്ട്. S.125/22 നമ്പർ ആയിട്ടുള്ള ടി സ്പിൽ ഓവർ പദ്ധതിയിൽ

നിലവിൽ 2158175/- രൂപ ബാലൻസുണ്ട്. ആയതിനാൽ കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള കല്ലറ വില്ലേജ് സർവ്വേ നമ്പർ 503/9-3 ൽ പ്പെട്ട 30 സെന്റ് സ്ഥലവും ടി സ്ഥലത്ത് പഞ്ചായത്ത് 2 നിലകളിലായി നിർമ്മിച്ചവരുന്ന 218.04 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടവും ടി മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഉടങ്ങുന്നതിനായി ആഭ്യന്തര വകുപ്പിന് സൗജന്യമായി വിട്ടു നൽകുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3 ചട്ടത്തിലെ 1 -ാം ഉപചട്ടം പ്രകാരം കോട്ടയം ജില്ലയിലെ കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള കല്ലറ വില്ലേജ് സർവ്വേ നമ്പർ 503/9-3 ൽ പ്പെട്ട 30 സെന്റ് സ്ഥലം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഉടങ്ങുന്നതിനായി, ടി സ്ഥലവും കെട്ടിടവും നിലവിലുള്ള ബാധ്യതകൾ സഹിതം ഏറ്റെടുക്കുന്നതിന് ആഭ്യന്തര വകുപ്പിനോട് നിർദ്ദേശിച്ചുകൊണ്ടും പ്രസ്തുത വകുപ്പിന് അത്തരത്തിൽ ഭൂമി വിട്ടു നൽകുന്നതിന് കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ആഭ്യന്തര വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/194/2021/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by Pradeesh M
Date: 05-05-2022 15:28:34

സെക്ഷൻ ഓഫീസർ